പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 288 08.02.2016 ൽ മറുപടിക്ക്

# പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുറ്റാന്വേഷണത്തിനും ക്രമസമാധാന പാലനത്തിനും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് പോലീസ് നടപടികൾ സ്വീകരിക്കുമ്പോൾ ആയത് നിയമത്തിന്റെ പരിധി ലംഘിയ്ക്കുന്നുവെന്ന പരാതികൾ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഉണ്ടാകാറുണ്ട്. അപ്രകാരം ഉണ്ടാകുന്ന പരാതികളിൽ അവയുടെ സ്വഭാവവും ഗൗരവവും പരിഗണിച്ച് അന്വേഷിച്ച് ഉചിതമായ തിരുത്തൽ നടപടികൾ ഡിപ്പാർട്ട്മെന്റ് സ്വീകരിക്കാറുണ്ട്. അതിനാൽ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച് പോലീസിന് എതിരായ പരാതികൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങളെ ഗൗരവത്തോടെയാണ് കാണുന്നതെന്ന ബഹു. ഹൈക്കോടതിയുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സമീപകാലത്തൊന്നും ഇത്തരം നിരീക്ഷണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്തെ പോലീസിനു കീഴിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളോടുള്ള സമീപനത്തിൽ കാലോചിതമായ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | കാലോചിതമായ മാറ്റങ്ങൾ പോലീസ് സേനയുടെ പരിശീലനത്തിലും, പ്രവർത്തനരീതികളിലും കൊണ്ടുവരുന്നുണ്ട്. |

Rajani.M

സെക്ഷൻ ഓഫീസർ